ദൈവം നാടകം —

ഗുരുവിന്റെയും ശിഷ്യന്റെയും പ്രാധാന്യം.

ഗുരു, ശിഷ്യൻ (മാത്യു) സ്റ്റേജ് മാനേജർ, നാടകജോലിക്കാർ പ്രോംപ്റ്റർ, സഖറിയ, രാമകൃഷ്ണൻ, എറുമ്പുക, ഡിഫൻസ് വക്കീൽ, പ്രതിവക്കീൽ, വാദ്യക്കാ വക്കീൽ, മാർക്കോസ്, ജഡ്ജി, ശിപായി, ചിത്രകാരൻ എന്നിവരും ആണ് ദൈവമിലെ കഥാപാത്രങ്ങൾ

അരങ്ങേറുന്ന നാടകത്തിന്റെ ക്ലൈമാക്സത്തിൽ ഇടപെടാതിരുന്ന നാടകത്തെ ഒരു കോടതി നാടകമാക്കി മാറ്റുന്നത് ഗുരു, ശിഷ്യൻ സ്റ്റേജ് മാനേജർ, നാടകജോലിക്കാർ പ്രോംപ്റ്റർ തുടങ്ങിയ കഥാപാത്രങ്ങൾ ആണ്. ഇവരിൽ തന്നെ ഗുരു, ശിഷ്യൻ എന്നിവർക്കുള്ള പങ്ക് മറ്റ് കഥാപാത്രങ്ങൾക്ക് ഇല്ല.

സംവാദങ്ങളിലൂടെ തന്റെ വിദ്യാർത്ഥിയായ ശിഷ്യനെ ചിലതെല്ലാം പഠിപ്പിക്കുക എന്നതാണ് ഗുരുവിന്റെ ലക്ഷ്യം. നാടകസംവിധായകന്റെയും കഥാപാത്രത്തിന്റെയും ഇരട്ട വ്യക്തിത്വമുള്ള ഒരു കഥാപാത്രമാണ് ഗുരു. ക്രിയാംശത്തെക്കാളധികം സംഭാഷണങ്ങളും ക്രിയാനിയന്ത്രണങ്ങളും ആണ് ഗുരു നിർവ്വഹിക്കുന്നത്.

മരണം ഒരു ഫലിതമാണെന്ന് സ്ഥാപിക്കുകയാണ് ഗുരുവിന്റെ ഉദ്ദേശം. ഫലിതമാകുമ്പോഴും അതിലെ വൈകാരികതയുടെ അംശം ഗുരുവിൽ പൂർണ്ണമായും നിഴലിക്കുന്നില്ല. ശിഷ്യനോട്, 'നിമിഷങ്ങൾ' എനിക്കു ചില വികാരങ്ങൾ ഉണ്ടായി എന്നൊക്കെ- എന്ന പ്രസ്താവിക്കുമ്പോൾ ആ വൈകാരികതയാണ് വെളിവാകുന്നത്. മറ്റ് കഥാപാത്രങ്ങൾ എല്ലാം താൻ സൃഷ്ടിച്ച പാവകൾ മാത്രമാണെന്ന് ഗുരു കരുതുന്നു.

തന്റെ ദർശനം സ്ഥാപിച്ചെടുക്കുന്നതിനായി മാർക്കോസ് എന്ന ചുമട്ടുതൊഴിലാളിയുടെ ജീവിതം ആണ് ഗുരു ആധാരമാക്കുന്നത്. ശക്തി ദ്രവ്യം അനന്യതയും ആയ അവബോധനങ്ങൾ ആണ് ഗുരു നടത്തുന്നത്.

ശിഷ്യന്റെ തൊഴിലിടമായ ചന്തസ്ഥാനത്തിൽ മാർക്കോസിന്റെ മരണം 'കുമാരിപ്പിൽസിന്റെ' അടിയിൽ ചെറിയൊരു കുരുപ്പായി പ്രത്യക്ഷപ്പെടുമ്പോൾ മാർക്കോസിന്റെ കുടുംബം അയൽക്കാരുടെ മരണത്തിൽ നിന്ന് കിട്ടുന്ന നഷ്ടപരിഹാരത്തിനായി തർക്കിക്കുമ്പോൾ ഒക്കെ മരണം ഒരു കറുത്തഫലിതമായി മാറുന്നു.

'നരച്ച താടിയും വെള്ളെഴുത്തു കണ്ണടയും' നൽകി സി.ജെ. സൃഷ്ടിച്ച ഈ കഥാപാത്രത്തിന് ക്രൈമിന്റെ രചനാവേളയിൽ സാന്നിധ്യമായിരുന്ന കേസരി ബാലകൃഷ്ണപിള്ളയുമായി രൂപ, സ്വഭാവ സാദൃശ്യങ്ങൾ കൽപ്പിക്കാവുന്നതാണ്. കേസരിയും സി.ജെ.യും തമ്മിലുണ്ടായ ഗുരുശിഷ്യ ബന്ധം പ്രസിദ്ധമാണ്. കേസരി മരിക്കും മുൻപ് അദ്ദേഹത്തിന്റെ ചി[illegible]ങ്ങൾ ആത്മാർത്ഥമായി അരച്ചുകുടിച്ചു എന്ന ആക്ഷേപ വസ്തുതയും ഇവിടെ പ്രസ്താവ്യമാണ്.

ഡോ. ടി.പി. സുകുമാരൻ, നാടകം: കണ്ണിന്റെ കല എന്ന ഗ്രന്ഥത്തിൽ;

" കേസരിയുടെ വിപ്ലവകരമായ പല ആശയങ്ങളെ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ച സി.ജെ. പ്രകടിപ്പിക്കാനുദ്ദേശിച്ച് രചിച്ചതത്രെ ക്രൈം" എന്ന് പ്രസ്താവിക്കുന്നുണ്ട്.

സി.ജെ.യിൽ ചെറുപ്പകാലം മുതൽ ഒരു 'ഗുരു' ഭാവമുണ്ടെന്ന എം.കെ. സാനുവിന്റെ

ഉ. അഭിപ്രായവും ഒരു സ്വഭാവത്തിൽ സ്വീകരണീയമാണ്. (സി.ജെ.യുടെ നാടകങ്ങൾ)

നാടകത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രമാണ് ശിഷ്യൻ. വിചിത്ര വേദാന്തിയായ ഗുരുവിന്റെ നിരീക്ഷണങ്ങൾ അർത്ഥവത്തും പ്രസക്തവുമാകുന്നത് ശിഷ്യൻ അതു ശരിവയ്ക്കുമ്പോഴാണ്.

മാർക്കോസിന്റെ മരണം ഒരു ഫലിതമായി നിരീക്ഷിക്കപ്പെട്ടപ്പോൾ വർക്കിയുടെ ശിക്ഷ അസംബന്ധമായി അയാൾക്ക് അനുഭവപ്പെടുന്നു. "ആരോഗ്യമുള്ള ഒരുത്തനെ തൂക്കിക്കൊല്ലുന്നത് തമാശയല്ലെങ്കിൽ മറ്റെന്താണ്?" എന്ന് ശിഷ്യൻ അത്ഭുതപ്പെടുന്നു.

ഗുരുവിനെ പോലെ നാടകത്തിന്റെ ഗതിക്ക് സ്വഭാവം നിലനിർത്തുന്നതിൽ ശിഷ്യനും പങ്കുണ്ട്. അരങ്ങിന്റെ സമ്പൂർണ്ണ നിയന്ത്രണം ഗുരുവിന്റെ കൈയിലാണെങ്കിലും അതിനെ വഴിതിരിച്ചുവിടാൻ ശിഷ്യന് സാധിക്കുന്നു. ഗുരുവിന്റെ ധാർഷ്ട്യമോ തീക്ഷ്ണ പരിഹാസമോ വശമില്ലെങ്കിൽ കൂടി ആ കഥാപാത്രത്തിന്റെ വ്യക്തിത്വം ആവാഹിക്കാൻ ശിഷ്യന് സാധിക്കുന്നു.

"അൽപ്പകാലം പത്രപ്രവർത്തകനായിരുന്ന സി.ജെ.യുടെ ആത്മാംശം ഈ കഥാപാത്രത്തിലുണ്ട്" എന്ന് ഡോ. എൻ. തോമസ് കുട്ടി പരിണാമിനാടകം എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നു.

DR. MINI NAIR'S MALAYALAM CLASSES